5976
29/5/15



കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ജീവനക്കാര്യം—താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നുള്ള തസ്തികമാറ്റ നിയമനത്തിന് ജില്ലാ/മേഖലാ തലത്തിൽ എൽ.ഡി.ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ 10% തസ്തികകൾ മാറ്റി വയ്ക്കുവാൻ കഴിയാത്ത വകുപ്പുകളിൽ സംസ്ഥാനതലത്തിൽ എൽ.ഡി.ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ 10 ശതമാനം ഇപ്രകാരമുള്ള നിയമനത്തിനായി മാറ്റി വയ്ക്കാൻ നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്

സ.ഉ.(പി) നം.16./2015/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി 28.05.2015

---

പരാമർശം:— 1) 03.01.2014 ലെ സ.ഉ. (പി) നം. 1/2014/ഉ.ഭ.പ.വ.
2) 19.07.2014 ലെ സ.ഉ. (പി) 21/2014/ഉ.ഭ.പ.വ.

## ഉത്തരവ്

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പളസ്കെയിലിലുള്ളവർ) യോഗ്യതയുടേയും, entry cadre ലെ സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ അതാത് വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. പ്രസ്തുത ഉത്തരവിന്റെ പ്രയോഗ രീതി വ്യക്തമാക്കി പരാമർശം 2 പ്രകാരം സ്പഷ്ടീകരണ ഉത്തരവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

3. മേൽ ഉത്തരവുകൾ പ്രകാരം തസ്തികമാറ്റ നിയമനത്തിനായി 10% തസ്തികകൾ കണ്ടെത്തേണ്ടത് ജില്ലാതലത്തിലാണ്. എന്നാൽ ഇപ്രകാരം ജില്ലാതലത്തിൽ 10% തസ്തികകൾ തസ്തികമാറ്റ നിയമനത്തിനായി മാറ്റി വയ്ക്കുവാൻ കഴിയാത്ത വകുപ്പുകളിൽ സംസ്ഥാനതലത്തിലുള്ള എൽ.ഡി ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ അംഗബലം കണക്കാക്കി അതിന്റെ 10%

തസ്തികമാറ്റ നിയമനത്തിനായി നീക്കിവയ്ക്കണമെന്ന് ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ/മേഖലാ തലങ്ങളിലും എൽ.ഡി ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ അംഗബലത്തിന്റെ 10% നീക്കി വയ്ക്കാൻ ഏതെങ്കിലും വകുപ്പുകളിൽ സാധിക്കുന്നില്ലെങ്കിൽ ടി വകുപ്പുകളിൽ ടി തസ്തികകളിൽ സംസ്ഥാന തലത്തിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 10 ശതമാനം തസ്തികമാറ്റ നിയമനത്തിനായി മാറ്റി വയ്ക്കാനും ഓരോ വകുപ്പിലേയും എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളുടെ സംസ്ഥാന തലത്തിലുള്ള അംഗബലത്തിന്റെ 10 ശതമാനത്തിൽ ഇപ്രകാരമുള്ള തസ്തികമാറ്റ നിയമനം എത്തിച്ചേരുന്നതുവരെ തുടരാനും ബന്ധപ്പെട്ട വകുപ്പു തലവൻമാർക്ക്/നിയമനാധികാരികൾക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. സംസ്ഥാനതലത്തിലുള്ള അംഗബലത്തിന്റെ 10 ശതമാനം ട്രാൻസ്ഫർ നിയമനത്തിനായി കണക്കാക്കുമ്പോൾ ടി വകുപ്പിൽ ഇതിനോടകം ജില്ലാതലത്തിൽ ആർക്കെങ്കിലും ട്രാൻസ്ഫർ നിയമനം ലഭിച്ചിട്ടുണ്ടെങ്കിൽ അവരെയും കൂടെ കണക്കിലെടുക്കേണ്ടതാണ്. സംസ്ഥാനാടിസ്ഥാനത്തിൽ തസ്തികമാറ്റ നിയമനത്തിനായുള്ള താഴ്ന്ന തസ്തികകളിലെ സീനിയോറിറ്റി, സംസ്ഥാനതലത്തിലുള്ള ടി തസ്തികകളുടെ entry cadre ലെ സംയോജിത സീനിയോറിറ്റി ലിസ്റ്റിന്റെ (പാർട്ട് ടൈം തസ്തികകൾ ഒഴികെ) അടിസ്ഥാനത്തിലാണ് കണക്കാക്കേണ്ടത്.

5. ഈ ഉത്തരവിന് 03.01.2014 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെങ്കിലും ഏതെങ്കിലും വകുപ്പിൽ ഏതെങ്കിലും ജില്ലയിൽ ഇതിനോടകം പരമാർശം 2 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10 ശതമാനം അനുപാതം കണക്കാക്കി എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ട്രാൻസ്ഫർ നിയമനം നൽകിയിട്ടുണ്ടെങ്കിൽ ആയത് ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റദ്ദു ചെയ്യേണ്ടതില്ല. അവരെ അപ്രകാരം തുടരാൻ അനുവദിക്കാവുന്നതാണ്. എന്നാൽ സംസ്ഥാന തലത്തിൽ താഴ്ന്ന തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ അവരെയും യഥാസ്ഥാനത്ത് ഉൾപ്പെടുത്തേണ്ടതാണ്. ടി ലിസ്റ്റ് പ്രകാരം അവരെക്കാൾ സീനിയറായ ആരെങ്കിലും അവർ ഇരിക്കുന്ന ഉയർന്ന തസ്തികയുടെ നിയമന യൂണിറ്റിൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവരുടെ ജൂനിയറായി വരുന്ന പക്ഷം ടിയാന് ഉയർന്ന തസ്തികയിൽ അവർക്ക് മുകളിൽ സീനിയോറിറ്റി അനുവദിച്ച് നൽകേണ്ടതാണ്. എന്നാൽ ടിയാൻ ഉയർന്ന തസ്തികയിൽ തസ്തികമാറ്റം വഴി ജോലിയിൽ പ്രവേശിച്ച ദിവസം മുതൽ

മാത്രം ടിയാന് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ചു നൽകേണ്ടതും ടി ദിവസം മുതൽ മാത്രം ടിയാന്റെ ടി തസ്തികയിലെ പ്രൊബേഷൻ ആരംഭിച്ചതായി കണക്കാക്കേണ്ടതുമാണ്.

6. എന്നാൽ എൽ.ഡി. ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നേരിട്ടുള്ള നിയമനം നടത്തുന്നത് ജില്ലാ തലത്തിലായതിനാൽ ഇപ്രകാരം സീനിയോറിറ്റി സംസ്ഥാന തലത്തിൽ കണക്കാക്കി ടി തസ്തികകളിൽ തസ്തികമാറ്റം ലഭിക്കുന്നവരുടെ കാര്യത്തിൽ അവർക്ക് ടി തസ്തികയിൽ നിയമനം ലഭിക്കുന്ന ജില്ല അവർ തെരഞ്ഞെടുക്കുന്ന ജില്ലയായി കണക്കാക്കേണ്ടതും, ടി ജില്ലയിൽ നിന്നുമുള്ള സ്ഥലം മാറ്റങ്ങൾ അന്തർജില്ല/അന്തർ വകുപ്പ് സ്ഥലം മാറ്റങ്ങൾ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം മാത്രം അനുവദിക്കേണ്ടതുമാണ്.

7. പരാമർശത്തിലെ ഉത്തരവുകൾ പ്രകാരമുള്ള യോഗ്യതയും നിയമനരീതിയും സംബന്ധിച്ച മറ്റു നിർദ്ദേശങ്ങൾ ഈ ഉത്തരവിലെ ഗുണഭോക്താക്കൾക്കും ബാധകമായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഇ. കെ. മാജി
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാവകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാകളക്ടർമാർക്കും
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/
സെക്ഷനുകൾക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ
സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/
അണ്ടർ സെക്രട്ടറിമാർക്കും
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
(ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, (ആമുഖ കത്ത് സഹിതം)
കേരള നിയമഭാ സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/ ഡെപ്യൂട്ടി സ്പീക്കറുടെ
പ്രൈവറ്റ് സെക്രട്ടറിക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്/എല്ലാ മന്ത്രിമാരുടെയും
പ്രൈവറ്റ് സെക്രട്ടറിമാർക്കും
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
വിവരപൊതുജനസമ്പർക്ക (Web & New media) വകുപ്പ് (പ്രചാരണത്തിന്)
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡൈ്വസ്-എ,ബി,സി) വകുപ്പുകൾ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ